കോഴിക്കോട്

8. കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് (യുനാനി)

9. താമരശ്ശേരി ഗ്രാമപഞ്ചായത്ത് (യുനാനി)

10. പാത്തമംഗലം ഗ്രാമപഞ്ചായത്ത് (യുനാനി)

11. വടകര മുനിസിപ്പാലിറ്റി (യുനാനി)

12. വാണിമേൽ ഗ്രാമപഞ്ചായത്ത് (യുനാനി)

13. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് (യുനാനി)

14. മുക്കം ഗ്രാമപഞ്ചായത്ത് (യുനാനി)

15. കക്കോടി ഗ്രാമപഞ്ചായത്ത് (സിദ്ധ)

കണ്ണൂർ

16. മൊകേരി ഗ്രാമപഞ്ചായത്ത് (സിദ്ധ)

പ്രസ്തുത അപേക്ഷകൾ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു. ഭാരതീയ ചികിത്സാവകുപ്പിനു കീഴിൽ പുതിയ 17 സിദ്ധ ഗവൺമെന്റ് ആയുർവ്വേദ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ശബരിമല ദേവസ്വം ബോർഡ് കെട്ടിടങ്ങളുടെ വാടക വർദ്ധനവ്

114 (6819) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പൻമാർക്ക് താത്കാലത്തിനായി ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മുറി അനുവദിക്കുന്ന സമയം മുതൽ അത് 12 മണിക്കൂറായി നിജപ്പെടുത്തുകയും 12 മണിക്കൂർ കഴിഞ്ഞ് 4 മണിക്കൂർകൂടി മുറി തുടർന്ന് അനുവദിക്കുന്നതിന് 12 മണിക്കൂറിന് നിശ്ചയിച്ചിരുന്ന വാടകയുടെ 1/3 തുക അടുത്ത നൂറിന്റെ ഗുണിതത്തിൽ മാറ്റി നിശ്ചയിച്ച് ഈടാക്കുകയും ഇത്തരത്തിൽ 16 മണിക്കൂറിനായി മുറി അനുവദിക്കുമ്പോൾ 16 മണിക്കൂറിനു നിശ്ചയിച്ച വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങുകയും ചെയ്തുവരുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly